പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2248 13.02.2013 ൽ മറുപടിയ്ക്ക്

## സ്വകാര്യമേഖലയിൽ ജലവൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ എത്ര ജലവൈദ്യുത പദ്ധതികൾ നിലവിൽ പ്രവർത്തിക്കുന്നു; ഓരോന്നിന്റെയും സ്ഥാപിത ശേഷിയും ഉല്പാദനവും എത്രയാണ്; വൈദ്യുതി വില്പന എങ്ങനെയാണെന്നും വ്യക്തമാക്കുമോ;

(എ) 4 പദ്ധതികൾ പ്രവർത്തിക്കുന്നു. പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി മെഗാ വാട്ട് | ഉല്പാദനം 2011-12 | Mu (ദശലക്ഷം യൂണിറ്റ്) 2012-13 (ഇതുവരെ) |
|---|---|---|---|
| ഉള്ളുങ്കൽ | 7 | 22.67 | 12.58 |
| ഇരുട്ടുകാനം | 2 | 18.62 | 19.01 |
| മണിയാർ | 12 | 36.98 | 20.03 |
| കുത്തുങ്കൽ | 21 | 51.36 | 18.65 |

ഇതിൽ മണിയാറും, കുത്തുങ്കൽ പദ്ധതിയും ക്യാപ്റ്റീവ് പദ്ധതികളാണ്. മറ്റു രണ്ടു പദ്ധതികളും IPP പദ്ധതികളാണ്. ഇതിൽ നിന്നുള്ള വൈദ്യുതി KSEB ക്ക് KSERC നിശ്ചയിച്ച നിരക്കിൽ വിൽക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു പുതിയ

(.......2)

| | |
|---|---|
| സ്വകാര്യമേഖലയിൽ ജലവൈദ്യുത പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | മാർഗ്ഗരേഖ ഉണ്ടാക്കുകയും ഈ മാർഗ്ഗരേഖ പ്രകാരം 62 ചെറുകിട ജലവൈദ്യുത പദ്ധതികൾ (221 മെഗാവാട്ട്/613.37 Mu) സ്വകാര്യ സംരംഭകർ മുഖേന നടപ്പിലാക്കുവാൻ GO (MS) No. 30/2012/PD dt. 12.12.2012 സർക്കാർ ഉത്തരവ് പ്രകാരം മാറ്റിവെച്ചിട്ടുണ്ട്. ഈ പദ്ധതികൾ സ്വകാര്യ സംരംഭകർക്ക് നൽകുവാനുള്ള ദർഘാസ് ഇ.എം.സി ഉടൻ വിളിക്കുന്നതാണ്. |
| (സി) സ്വകാര്യമേഖലയിൽ പുതിയ പദ്ധതികൾ ആരംഭിക്കുവാൻ സർക്കാരിന്റെ മുമ്പിൽ അപേക്ഷകൾ ഉണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകുമോ? | (സി) പുതിയ മാർഗ്ഗരേഖ പ്രകാരമുള്ള 62 പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർക്ക് നൽകുന്നതിനുള്ള മത്സരസ്വഭാവമുള്ള ദർഘാസ് ഉടൻ ക്ഷണിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**